# 51. സാഹിത്യപത്രപ്രവർത്തനം

ശ്രീ കെ. എ. ദാമോദരമേനോനെ അനുസ്മരിച്ചുകൊണ്ടു് ഒരു പ്രസംഗം ചെയ്യാൻ ക്ഷണിക്കപ്പെട്ടതു് വലിയൊരു ബഹുമതിയായി ഞാൻ കരുതുന്നു. മാതൃഭൂമി എന്ന ഒരേ പത്രസ്ഥാപനത്തിൽ ഞങ്ങൾ ഇരുവരും ജോലിചെയ്തിട്ടുണ്ടെങ്കിലും, ശ്രീ ദാമോദരമേനോന്റെ കീഴിലോ, അദ്ദേഹത്തോടൊപ്പമോ പ്രവർത്തിക്കുവാനുള്ള അവസരം എനിക്കു 'മാതൃഭൂമി'യിൽ കൈവന്നിട്ടില്ല. 1951–ൽ ഞാൻ മാതൃഭൂമി വാരികയുടെ ചുമതല ഏറ്റെടുക്കുമ്പോഴേക്കു് ശ്രീ ദാമോദരമേനോൻ മാതൃഭൂമിയിൽനിന്നു് ഒഴിഞ്ഞു് പാർലമെന്റിൽ ഒരംഗമായി ദില്ലിയിലേക്കു താമസം മാറ്റിയിരുന്നു. ശ്രീ വി. എം. നായർ പത്രാധിപരായിരിക്കുമ്പോഴാണു് ഞാൻ മാതൃഭൂമിയിൽ ചേർന്നതു്. എന്നാൽ, അന്നും ശ്രീ ദാമോദരമേനോന്റെ പ്രവർത്തനപാരമ്പര്യങ്ങൾ മാതൃഭൂമിയിൽ തങ്ങിനിന്നിരുന്നു. പ്രശസ്തനായ ആ മുൻപത്രാധിപരുടെ ആരാധകർ മാതൃഭൂമി സ്റ്റാഫിൽ കുറവായിരുന്നില്ല.

## ഐക്യകേരളക്കമ്മറ്റി

ഐക്യകേരളപ്രസ്ഥാനം കേരളത്തിൽ ശക്തിയാർജിച്ചപ്പോൾ, അതിൽ ശ്രീ ദാമോദരമേനോനുമായി അടുത്തു പ്രവർത്തിക്കാൻ എനിക്കു് അവസരം ലഭിച്ചു. കേരളമെന്ന സംസ്ഥാനം രൂപവല്ക്കരിക്കുന്നതിനുവേണ്ടി കേരളത്തിലുടനീളം പ്രചാരവേല നടത്തുകയും, കേരളത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു്, കേരളസംസ്ഥാന രൂപവല്ക്കരണത്തിന്റെ ആവശ്യവും പ്രായോഗികതയും അനിവാര്യതയും വ്യക്തമാക്കുന്ന ഒരു മെമ്മോറാണ്ടം തയ്യാറാക്കി സംസ്ഥാന പുനസ്സംഘടനാക്കമ്മറ്റിക്കു സമർപ്പിക്കുകയും, സംസ്ഥാനരൂപവല്ക്കരണത്തിനു് അപ്രതീക്ഷിതങ്ങളായ പല കേന്ദ്രങ്ങളിൽനിന്നുമുണ്ടായ അജ്ഞതാപ്രചോദിതങ്ങളോ, സ്വാർത്ഥതാല്പര്യപ്രചോദിതങ്ങളോ ആയ എതിർപ്പുകളോടു് അപ്പോഴപ്പോൾ പൊരുതുകയും ചെയ്യുകയെന്ന പ്രയാസപൂർണമായ കർത്തവ്യം നിക്ഷിപ്തമായിരുന്നതു് ശ്രീ കെ. പി. കേശവമേനോൻ അദ്ധ്യക്ഷനും, ശ്രീ കെ. എ. ദാമോദരമേനോനും ശ്രീ പി. നാരായണൻനായരും സെക്രട്ടറിമാരുമായിരുന്ന ഐക്യകേരളക്കമ്മറ്റിയിലായിരുന്നു. ഈ കമ്മറ്റിയിൽ ഒരംഗം ആയിരുന്നു ഞാൻ. ശ്രീ കേശവമേനോനുവേണ്ടി ഈ കമ്മറ്റിയുടെ ഖജാൻജി എന്ന നിലയിൽ കുറെ വർഷങ്ങളോളം പ്രവർത്തിച്ചതും ഞാനായിരുന്നു. മാതൃഭൂമിയിൽ, ശ്രീ കേശവമേനോൻ ഒഴികെ സ്റ്റാഫിലെ സീനിയർ അംഗങ്ങൾ മിക്കവാറും ഐക്യകേരളം സ്ഥാപിക്കുന്നതിനു് എതിരായിരുന്നു. ശ്രീ കേളപ്പൻ ആവശ്യപ്പെട്ടിരുന്നപോലെ ഗോകർണംമുതൽ കന്യാകുമാരിവരെ വ്യാപ്തിയുള്ള ഒരു പശ്ചിമതീരസംസ്ഥാനമോ, ശ്രീ മാധവമേനോൻ ആവശ്യപ്പെട്ടിരുന്നപോലെ, തിരുവിതാംകൂർ–കൊച്ചിയെ ഒഴിവാക്കി ഒരു മദ്രാസ്–കേരളസംസ്ഥാനമോ സ്ഥാപിക്കണമെന്ന ആഗ്രഹമാണു് അവർക്കുണ്ടായിരുന്നതു്. അതിനാൽ, മാതൃഭൂമി പത്രത്തിൽക്കൂടി ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രചാരവേല മിക്കവാറും മുഴുവനും എനിക്കുതന്നെ നിർവഹിക്കേണ്ടി

വന്നു. ഇതോടൊപ്പം മാതൃഭൂമിയുടെ പുറത്തു് ശ്രീ കേശവമേനോൻ, ശ്രീ ദാമോദരമേനോൻ, ശ്രീ നാരായണൻനായർ, ശ്രീ ബാലഗോപാലൻ മുതലായവരോടൊന്നിച്ചു് മലബാറിൽ പലേടത്തും യോഗങ്ങരം സംഘടിപ്പിക്കുന്നതിലും ഒരു പങ്കു് എനിക്കുണ്ടായിരുന്നു. സംസ്ഥാന പുനസ്സംഘടനാക്കമ്മററിക്ക മെമ്മോറാണ്ടം തയ്യാറാക്കുന്നതിലും അതു സമർപ്പിക്കുന്നതിലും ഞാൻ ഇവരോടു സഹകരിച്ചു. ഈ കാലത്താണു് ശ്രീ ദാമോദരമേനോനെ വളരെ അടുത്തുനിന്നു നിരീക്ഷിക്കാൻ എനിക്കു് അവസരം ലഭിച്ചതു്. അറിയപ്പെടുക എന്നതു് ചിലരെ സംബന്ധിച്ചിടത്തോളം,ആരാധിക്കപ്പെടുക എന്നതിൻെറ ഒരു പര്യായം ആകാറുണ്ടല്ലോ. ശ്രീ ദാമോദരമേനോനോടു് എനിക്ക തോന്നിയിരുന്നതു് ആരാധനയിലേറെ, ഒരു മുതിർന്ന ജ്യേഷ്ഠനോടുള്ള സമത്വസമ്മിശ്രമായ സ്നേഹമായിരുന്നു. ഒരു അനുജനോടുള്ള സ്നേഹം ശ്രീ ദാമോദരമേനോനു് എന്നോടുമുണ്ടായിരുന്നു എന്നാണു് എൻെറ വിശ്വാസം. പല കാലങ്ങളിലായി അദ്ദേഹം എഴുതിയ കവിതകരം സമാഹരിച്ചു പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചപ്പോരം, അവ ക്രമീകരിക്കാനും, ആ പുസ്തകത്തിനു് ഒരു അവതാരിക എഴുതാനും അദ്ദേഹം ചുമതലപ്പെടുത്തിയതു് എന്നെയായിരുന്നു. എൻെറ നിർബന്ധത്തിനു വഴങ്ങിയാണു്, മാതൃഭൂമിയിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ശ്രീ ദാമോദരമേനോൻ ആത്മകഥ എഴുതിയതു്. പ്രസ് അക്കാദമിയിൽ അദ്ദേഹം ചെയർമാനായിരിക്കെ, ഒരംഗമായി പ്രവർത്തിക്കുന്നതിനും എനിക്കു് അവസരമുണ്ടായി. അദ്ദേഹത്തോടു സംസാരിക്കുന്നതു് എനിക്കു് എപ്പോഴും ഉത്തേജകവും ഉന്മേഷദായകവുമായ ഒരനുഭവമായിരുന്നു. അദ്ദേഹത്തിൻെറ ആദ്ധ്യാദപ്രദമായ ഓർമ പുതുക്കുന്നതിനു് ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

നിർഭീകനായ സ്വാതന്ത്ര്യഭടൻ, ദീർഘദർശിയായ രാഷ്ട്രീയനേതാവു്, കരുത്തനായ നിയമസഭാസാമാജികൻ, കർമദക്ഷനായ മന്ത്രി മുതലായ നിലകളിൽ വിശിഷ്ടമായ സേവനം രാഷ്ട്രത്തിനു നൽകിയിട്ടുണ്ടെങ്കിലും, കേരളത്തിൻെറ സാംസ്കാരികചരിത്രത്തിൽ ശ്രീ ദാമോദരമേനോൻ അനുസ്മരിക്കപ്പെടുക, മുഖ്യമായും പ്രതിഭാശാലിയായ പത്രാധിപർ എന്ന നിലയിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ബർമയിലെ അദ്ധ്യാപകജോലി ഉപേക്ഷിച്ചു് കേരളത്തിലെത്തി മാതൃഭൂമിയുടെ പത്രാധിപത്യം ഏറെറടുത്തതുമുതല്ലാണു് ശ്രീ ദാമോദരമേനോൻ കേരളത്തിലെങ്ങും അറിയപ്പെട്ടുതുടങ്ങിയതും,അദ്ദേഹത്തിൻെറ അദ്വിതീയമായ മേധാശക്തിയും അനുപമമായ സംഘടനാസാമർത്ഥ്യത്തിനും പര്യാപ്തമായ പ്രവർത്തനമണ്ഡലം ലഭിച്ചതും. സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ഒരു പത്രമായാണു് മാതൃഭൂമിപത്രം പിറവിയെടുത്തതെങ്കിലും, ശ്രീ ദാമോദരമേനോൻെറ പത്രാധിപത്യത്തിൻകീഴിൽ വിദേശീയമേധാവിത്വത്തോടു പൊരുതുന്നതിനുള്ള അതിൻെറ കഴിവു് പല മടങ്ങു വർദ്ധിക്കുകയുണ്ടായി. കോൺഗ്രസ്സിനകത്തു്, പ്രത്യേകിച്ചു മലബാറിൽ ഉരംപ്പോരുകരം വർദ്ധിച്ചിരുന്ന ആ കാലഘട്ടത്തിൽ, മാതൃഭൂമിയുടെ പല ഡയറക്ടർമാരും കോൺഗ്രസ്സിലെ അതിയാഥാസ്ഥിതിക പക്ഷത്തായിരുന്നു എന്ന പശ്ചാത്തലത്തിൽ ഏററവും പ്രയാസമേറിയ ഒന്നായിരുന്നു മാതൃഭൂമി പത്രാധിപത്യം. പ്രശംസനീയമായ പാടവത്തോടെ ശ്രീ ദാമോദരമേനോൻ അതു നിർവഹിച്ചു. മാതൃഭൂമിയുടെ പത്രാധിപത്യം ശ്രീ ദാമോദരമേനോൻ ഒഴിഞ്ഞതിനുശേഷവും വളരെ കാലത്തേക്കു് മലബാർ പ്രദേശത്തു്, പ്രത്യേകിച്ചും കോൺഗ്രസ്‌വൃത്തങ്ങളിൽ 'പത്രാധിപർ' എന്നു പറഞ്ഞാൽ അതിനു് ശ്രീ ദാമോദരമേനോൻ എന്നായിരുന്നു അർത്ഥം.

ഒരു പൊരുതുന്ന പത്രത്തിന്റെ അധിപതി എന്ന നിലയിൽ ശ്രീ ദാമോദരമേനോന്റെ താല്പര്യം മുഖ്യമായും രാഷ്ട്രീയകാര്യങ്ങളിലായിരുന്നു. കഥാകൃത്ത് എന്ന നിലയിലും കവി എന്ന നിലയിലും പ്രബന്ധകാരനെന്ന നിലയിലും ഗണ്യമായ നേട്ടങ്ങൾ അദ്ദേഹത്തിനുണ്ടെങ്കിലും, ശ്രീ ദാമോദരമേനോൻ മുഖ്യമായും അനുസ്മരിക്കപ്പെടുക തൂലിക പടവാളാക്കി മാററിയ രാഷ്ട്രീയപത്രാധിപത്യത്തിന്റെ പേരിലായിരിക്കും. സാഹിത്യപരമായ പത്രപ്രവർത്തനത്തെ അദ്ദേഹം ഗൗരവമായി എടുത്തിരുന്നതായി എനിക്കു തോന്നിയിട്ടില്ല. 'അലസവേളകൾ' എന്നു തന്റെ കവിതാസമാഹാരത്തിന് അദ്ദേഹം പേരിട്ടത് അനുസ്മരിക്കുക. ആളുകൾക്കു വിവരങ്ങൾ നൽകുക, അവരെ ഉത്തേജിപ്പിച്ചു ക്രിയോന്മുഖരാക്കുക എന്ന രണ്ടു ലക്ഷ്യങ്ങളാണു രാഷ്ട്രീയ പത്രപ്രവർത്തനത്തിന് മുഖ്യമായി ഉള്ളത്. സൗന്ദര്യാനുഭൂതിയുള്ള വായനക്കാരുടെ കഴിവ് വികസിപ്പിക്കുക, അവരുടെ രുചികളെ സംസ്കരിച്ചുയർത്തുക, അവരെ അഭ്യസ്തവിദ്യരാക്കുക, ചിന്തയുടെ പുതിയ ചക്രവാളങ്ങൾ അവർക്കു തുറന്നുകൊടുക്കുക, അവരുടെ സംസ്കാരത്തെയും മൂല്യബോധത്തെയും ഉദ്ദീപിപ്പിക്കുക മുതലായവയാണ് സാഹിത്യപരമായ പത്രപ്രവർത്തനത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ. ഇതോടൊപ്പം സമൂഹത്തിന്റെ അമൂല്യമായ, പൊതുസ്വത്തായ ഭാഷയുടെ രൂപഭംഗിയും ആശയാവിഷ്കരണശക്തിയും കണിശതയും വളർത്തുകയെന്ന, ഭാഷാപരമായ എൻജിനീയറിങ് എന്നു വിളിക്കാവുന്ന മറെറാരു ലക്ഷ്യവും സാഹിത്യപത്രപ്രവർത്തനത്തിനുണ്ട്.

## കേരളത്തിൽ സാഹിത്യപത്രപ്രവർത്തനാരംഭം

ലോക പത്രപ്രവർത്തനം ആരംഭിച്ചത് സാഹിത്യപത്രപ്രവർത്തനത്തിന്റെ രൂപത്തിലാണെന്നു സാമാന്യമായി പറഞ്ഞാൽ അതു ശരിയായേക്കുകയില്ല. യൂറോപ്പിലും ചൈനയിലും കച്ചവടക്കാരും മററും ശേഖരിച്ചു പ്രസിദ്ധീകരിച്ചിരുന്ന വാർത്തകളിൽനിന്നും സർക്കാർ അറിയിപ്പുകളിൽനിന്നും പത്രപ്രവത്തനം ഉത്ഭവിച്ചതായിട്ടാണു പല പത്രപ്രവത്തനചരിത്രങ്ങളും പ്രതിപാദിക്കുന്നത്. എന്നാൽ, കേരളത്തിൽ പത്രപ്രവർത്തനത്തിന്റെ ഉല്പത്തികാലംമുതൽ സാഹിത്യപത്രപ്രവർത്തനം ആരംഭിച്ചതായി പറയാവുന്നതാണ്. ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ ക്രൈസ്തവമിഷണറിമാരുടെ പ്രവർത്തനങ്ങൾ വിവരിക്കാൻവേണ്ടി ആരംഭിച്ച 'രാജ്യസമാചാര'ത്തോടടുത്തുതന്നെ, 'പടിഞ്ഞാറുനിന്നു വരുന്ന വെളിച്ചം' കേരളീയരുടെ ഇടയിൽ പരത്തുന്നതിനുവേണ്ടി 'പശ്ചിമോദയ'വും ആരംഭിക്കപ്പെട്ടുവല്ലോ. 'പശ്ചിമോദയ'ത്തിന്റെ ലക്ഷ്യം കേരളീയർക്കിടയിൽ ആധുനികരീതിയിലുള്ള ചരിത്രം, ഭൂമിശാസ്ത്രം, ഭൗതികശാസ്ത്രങ്ങൾ മുതലായവ സംബന്ധിച്ച വിജ്ഞാനം വ്യാപിപ്പിക്കുകയായിരുന്നു. എങ്കിലും അതോടൊപ്പം നിയതരൂപവും ആധുനികവ്യവഹാരത്തിനു പര്യാപ്തവുമായ ഒരു ഗദ്യശൈലി നിലവിൽവരുത്തുകയെന്ന ഫലവും ഈ പത്രപ്രവർത്തനത്തിൽനിന്ന് ഉത്ഭവിക്കാതിരുന്നില്ല. പശ്ചിമോദയത്തെ മലയാളത്തിലെ സാഹിത്യ പത്രപ്രവർത്തനത്തിന്റെ പ്രഥമ മാതൃകയായി കരുതാം.

പശ്ചിമോദയത്തെത്തുടർന്ന് ഏറെ കാലത്തേക്കു മലയാളത്തിനു പുറത്തുവന്ന ആനുകാലികങ്ങൾ 'സാഹിത്യപത്രങ്ങൾ' എന്ന പേരു പൊതുവെ അർഹിക്കുന്നവയായിരുന്നു. ഗദ്യത്തോടൊപ്പം പദ്യത്തിനും ഈ ആനുകാലികങ്ങളിൽ സ്ഥാനം നൽകപ്പെട്ടുവന്നു. സ്ഥലവാർത്തകൾ, പരസ്യങ്ങൾ മുതലായവ അടങ്ങിയതായിരുന്നിട്ടും 'കവനകൗമുദി' പത്രം ആദ്യ

ന്തം ഛന്ദോബദ്ധമായിരുന്നു. കഥകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യപ്രഭേദങ്ങളായിരുന്നു മററു പല ആനുകാലികങ്ങളിലെയും മുഖ്യവിഭവം. വാർത്തകളെസ്സംബന്ധിച്ച ആധുനിക നിർവചനങ്ങൾക്ക തികച്ചും ഉദാഹരണമാക്കാവുന്നവയും, ആധുനിക വാർത്താവിവരണങ്ങ ളുടേതായ ശൈലിയിൽ എഴുതപ്പെട്ടവയുമായ വിഷയങ്ങൾ മലയാള ത്തിലെ ആനുകാലികങ്ങളിൽ സ്ഥാനംപിടിച്ചുതുടങ്ങിയതു് വളരെ പതുക്കെ മാത്രമാണു്. മലയാളത്തിൽ ദിനപത്രങ്ങൾ ആവിർഭവിച്ച പ്പോഴും അവയിൽ സുപ്രധാനമായ സ്ഥാനം നേടിപ്പോന്നു, 'സാഹി ത്യം' എന്നു വിളിക്കാവുന്ന രചനകൾ. വായനക്കാരെ ആകർഷിക്കുന്ന തിനുവേണ്ടി മലയാളമനോരമപോലെയുള്ള ചില മലയാള ദിനപത്ര ങ്ങൾ തുടർച്ചയായി നോവലുകൾ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. ദിനപത്രങ്ങളുടെ വാരാന്തപ്പതിപ്പുകളിൽ കഥകൾ, തുടർനോവലുകൾ, കവിതകൾ, ഉപന്യാസങ്ങൾ, പുസ്തകാഭിപ്രായങ്ങൾ മുതലായ സാഹി ത്യപരങ്ങളായ വിഭവങ്ങൾക്കു് ഇപ്പോഴും പ്രമുഖമായ സ്ഥാനം നൽക പ്പെടുന്നുണ്ടു്.

സ്വാതന്ത്ര്യസമരകാലത്തു് നേതാക്കന്മാരുടെ പ്രസംഗങ്ങൾ പൂർണ മായി വിവർത്തനംചെയ്തു ചേർക്കുക മലയാളപത്രങ്ങളുടെ പതിവു് ആയിരുന്നു. ഈ പ്രസംഗങ്ങളിൽ പലതും പ്രതിപാദനത്തിലെ ക്രമ ബദ്ധതമൂലവും, ഭാഷയുടെ ഊർജസ്വലതമൂലവും പ്രതിപാദ്യത്തിന്റെ ഉത്തേജനക്ഷമതമൂലവും മികച്ച സാഹിത്യകൃതികൾകൂടി ആയിരുന്നു. കേരളീയരായ വായനക്കാരുടെ ബോധമണ്ഡലത്തെ വിശാലമാക്കുന്നതി ലും നവീകരിക്കുന്നതിലും, വാർത്തകൾ എന്ന നിലയിൽ സമർപ്പിക്ക പ്പെട്ട ഈ പ്രസംഗങ്ങൾ അദ്വിതീയമായ പങ്കാണു നിർവഹിച്ചിട്ടുള്ളതു്. ഇവയ്ക്കു പുറമേ, മുഖപ്രസംഗങ്ങളിൽ സാഹിത്യപരങ്ങളും സാംസ്കാരികങ്ങ ളുമായ പ്രശ്നങ്ങൾ അവതരിപ്പിച്ചു ചർച്ചചെയ്യുന്നതിലൂടെയും മലയാള ത്തിലെ ആനുകാലികങ്ങൾ സാഹിത്യ പത്രപ്രവർത്തനരംഗത്തു വിപുല മായ സംഭാവനകൾ അർപ്പിക്കുകയുണ്ടായി.

ആധുനിക മലയാളസാഹിത്യത്തിൽ പ്രഖ്യാതരായ മൂന്നു കവികളും പത്രപ്രവർത്തകർകൂടിയായിരുന്നു. സമുദായോദ്ധാരണം, സംഘടനാ പ്രവർത്തനം എന്നിവ മുഖ്യ ലക്ഷ്യങ്ങളായിരുന്നപ്പോഴും, 'വിവേകോ ദയം'മാസിക, കുമാരനാശാന്റെ കൈയിൽ സാഹിത്യത്തിലൊരു നവോത്ഥാനം കൈവരുത്തുന്നതിനുള്ള സമർത്ഥമായ ഉപകരണംകൂടിയാ യിരുന്നു. താൻ പത്രാധിപരായിരുന്ന 'ആത്മപോഷിണി'യിലും മററും വള്ളത്തോൾ എഴുതിയ പുസ്തകനിരൂപണങ്ങൾക്കു്—ഇവ 'ഗ്രന്ഥവിഹാ രം' എന്ന പേരിൽ പിന്നീടു സമാഹരിക്കപ്പെടുകയുണ്ടായി—മലയാള ത്തിലെ സാഹിത്യവിമർശനത്തിന്റെ ചരിത്രത്തിൽ സവിശേഷമായ സ്ഥാനമുണ്ടു്. പ്രാചീനഗ്രന്ഥങ്ങളുടെയും പാണ്ഡിത്യപൂർണങ്ങളായ സാഹിത്യപ്രബന്ധങ്ങളുടെയും പ്രകാശനംകൊണ്ടു് അമൂല്യമായ ഒരു ഖനിതന്നെയായിരുന്നു ഉള്ളൂർ പത്രാധിപരായിരുന്ന കാലത്തോളം സാഹിത്യപരിഷൽ ത്രൈമാസികം. ശ്രീ മുണ്ടശ്ശേരി, ശ്രീ ശങ്കരക്കുറുപ്പ് മുതലായവരുടെ പത്രപ്രവർത്തനത്തെയും ഇക്കൂട്ടത്തിൽ നാം സ്മരിക്കേണ്ട തായിട്ടുണ്ടു്.

## കേസരി

മലയാളത്തിലെ സാഹിത്യ പത്രപ്രവർത്തന ചരിത്രത്തിൽ ഏററവുമധി കം ശ്രദ്ധേയമായ പേരു് കേസരി ബാലകൃഷ്ണപിള്ളയുടേതാണു്. ആധു നിക സാഹിത്യത്തിലെ പ്രമുഖ രൂപങ്ങളായ നോവലുകളും കഥകളും

സംബന്ധിച്ച മലയാളികളുടെ—എഴുത്തുകാരുടെയും വായനക്കാരുടെയും—നിലവിലുള്ള ധാരണകളെ തിരുത്തി, വിശ്വസാഹിത്യത്തിൽ ഇവയെസ്സംബന്ധിച്ച് അന്ന നിലവിലിരുന്ന ധാരണകൾ ഇവിടെ സുപ്രതിഷ്ഠിതങ്ങളാക്കിയതാണ് കേസരി ബാലകൃഷ്ണപിള്ളയുടെ ഏററവും പ്രധാനപ്പെട്ട സംഭാവന എന്നു പറയാം. ഈ സാഹിത്യരൂപങ്ങൾ സംബന്ധിച്ച പ്രാമാണികരായ പാശ്ചാത്യ പണ്ഡിതന്മാർക്കുള്ള ധാരണകൾ പ്രബന്ധരൂപത്തിൽ അവതരിപ്പിച്ചും, ഈ ധാരണകളെ ഉദാഹരിക്കുന്ന പാശ്ചാത്യ ഭാഷകളിലെ വിശിഷ്ട കൃതികൾ തർജമചെയ്തു പ്രസിദ്ധീകരിച്ചും, ഇവയുടെ മാതൃക പിടിച്ചു രചിക്കപ്പെടുന്ന മലയാളകൃതികളെ പ്രസിദ്ധീകരണംവഴിയും പ്രശംസവഴിയും പ്രോത്സാഹിപ്പിച്ചുമാണ് ബാലകൃഷ്ണപിള്ള താൻ ഉദ്ദേശിച്ച ബോധനവീകരണപ്രക്രിയ നടപ്പിൽ വരുത്തിയതും, നമ്മുടെ സാഹിത്യചരിത്രത്തിൽ ഒരു യുഗപരിവർത്തകനെന്ന സ്ഥാനം നേടിയതും.

കൃതികളുടെ ഉൽകർഷാപകർഷങ്ങൾ നിർണയിക്കുന്നതിനു പുതിയ മാനദണ്ഡങ്ങൾ മലയാളികൾക്കു നൽകിയതാണ് ബാലകൃഷ്ണപിള്ളയുടെ സുപ്രധാനമായ മറെറാരു സംഭാവന. പ്രതിപാദനശൈലിയുടെയും ജീവിതവീക്ഷണത്തിൻെറയും അടിസ്ഥാനത്തിൽ കൃതികളെ പ്രസ്ഥാനങ്ങളായി വർഗ്ഗീകരിച്ചു വിവരിക്കുന്ന സമ്പ്രദായം പൗരസ്ത്യമല്ല, പാശ്ചാത്യമാണ്. പാശ്ചാത്യർ നിർധാരണംചെയ്തിട്ടുള്ള വിഭിന്ന സാഹിത്യ—കലാ—വിമർശന—പ്രസ്ഥാനങ്ങളെ ലക്ഷണനിർവചനങ്ങളോടും ഉദാഹരണങ്ങളോടുംകൂടി ബാലകൃഷ്ണപിള്ള തൻെറ വായനക്കാർക്കു പരിചയപ്പെടുത്തിക്കൊടുത്തു. പ്രസ്ഥാനാചാര്യതയാണു മഹാകവിത്വം എന്ന് മഹാകവിത്വത്തിനൊരു പുതിയ നിർവചനം അദ്ദേഹം നൽകി. താൻ വിവരിച്ച പാശ്ചാത്യ സാഹിത്യവിമർശന സിദ്ധാന്തങ്ങൾക്കനുസൃതമായി സമകാലികരായ മലയാള ഗദ്യ—പദ്യ ലേഖകരെ അദ്ദേഹം വിമർശിക്കുകയും വർഗീകരിക്കുകയും വാഴ്ത്തുകയുംചെയ്തു. തീർച്ചയായും മലയാളസാഹിത്യത്തിൻെറ വളർച്ചയ്ക്കു പത്രപ്രവർത്തനത്തിലൂടെ ഇന്നോളം ഏററവുമധികം സംഭാവന നൽകിയ വ്യക്തി എ. ബാലകൃഷ്ണപിള്ള തന്നെ.

ബാലകൃഷ്ണപിള്ളയുടെ ശിഷ്യസംഘത്തിലൊരാൾ എന്ന നിലയിലാണ് ഈ പ്രസംഗത്തിൽ സ്മർത്തവ്യനായ ശ്രീ കെ. എ. ദാമോദരമേനോൻ മലയാള പത്രപ്രവർത്തനരംഗത്തേക്കു കടന്നുവന്നത്. എന്നാൽ, ദാമോദരമേനോൻ പത്രപ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പുതന്നെ പത്രപ്രവർത്തനത്തിൻെറ മുഖ്യമായ ലക്ഷ്യം സാഹിത്യപ്രോത്സാഹനമല്ലെന്നു മലയാളത്തിലെ പത്രപ്രവർത്തകർ കണ്ടെത്തിക്കഴിഞ്ഞിരുന്നു. സാഹിത്യപ്രോത്സാഹനം പത്രപ്രവർത്തനത്തിൻെറ ആനുഷംഗികഫലം മാത്രമാണ്. മറെറാരുതരത്തിൽ പറഞ്ഞാൽ, പത്രപ്രവർത്തനത്തിൻെറ മുഖ്യ ധാരയല്ല, അതിൻെറ ഒരു ഉപധാര മാത്രമാണു സാഹിത്യപത്രപ്രവർത്തനം. പത്രപ്രവർത്തനത്തിൻെറ മുഖ്യലക്ഷ്യം രാഷ്ട്രീയമാകുന്നു. ജനങ്ങളെ രാഷ്ട്രീയമായി ഉദ്ബുദ്ധരാക്കുക, വിദേശീയ ഗവണ്മെൻറിനോടുള്ള സമരത്തിന് അവരെ സജ്ജരാക്കുക, ഒപ്പം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞതിനുശേഷം ഭാരതത്തിൽ ന്യായാധിഷ്ഠിതവും സമൃദ്ധ്യുന്മുഖവും സഹകരണാത്മകവുമായ ജീവിതരീതി നിലവിൽവരുത്തുന്നതിനാവശ്യമായ വിദ്യാഭ്യാസം ജനങ്ങൾക്കു നൽകുക എന്നിവയാണു പത്രപ്രവർത്തനത്തിൻെറ പ്രാഥമിക ലക്ഷ്യങ്ങളെന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞ കാലത്താണ് ശ്രീ ദാമോദരമേനോൻ പത്രപ്രവർത്തനരംഗത്തു പ്രവേശിച്ചതു്. ഇതോടൊപ്പം ആനുഷംഗികമെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത സാഹിത്യപ്രോത്സാഹനമെന്ന ലക്ഷ്യം നിർവഹിക്കുന്നതിനായി ദിനപത്രത്തിൽനിന്നു

വ്യതിരിക്തമായി വാരികകൾ പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം അതിനകം കേരളത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്നു. മുഖ്യമായും ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്ന ദാമോദരമേനോന്റെ പ്രവർത്തനം ഏറെക്കുറെ മുഴുവനായും രാഷ്ട്രീയ പത്രപ്രവർത്തനത്തിൽ ഒതുങ്ങിനിൽക്കുകയാണുണ്ടായത്.

## ഉള്ളതുകൊണ്ട് ഓണം

അല്പം ചില ഇടവേളകൾ ഒഴിച്ചാൽ ഏതാണ്ട് നാല്പത്തഞ്ചു വർഷമായി ഞാൻ പ്രവർത്തിച്ചുവരുന്നതു സാഹിത്യ പത്രപ്രവർത്തനരംഗത്താണ്. വാരികകൾ, പാക്ഷികങ്ങൾ, മാസികകൾ അങ്ങനെ പലതരം ആനുകാലികങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. അയച്ചുകിട്ടിയ വിഭവങ്ങളിൽനിന്നു ഭേദപ്പെട്ടവ തിരഞ്ഞെടുത്തു തേച്ചുമിനുക്കി മെച്ചപ്പെടുത്തി പ്രസിദ്ധീകരിക്കലാണു പലപ്പോഴും മലയാളത്തിലെ സാഹിത്യ പത്രപ്രവർത്തനം. ഇതു് ഇങ്ങനെയല്ലാതെവരാൻ പ്രയാസമുണ്ടുതാനും. സാഹിത്യത്തിനു പ്രാധാന്യം നൽകുന്ന മലയാളത്തിലെ ആനുകാലികങ്ങൾ—വാരികകളായാലും, പാക്ഷികങ്ങളായാലും, മാസികകളായാലും—പൂർണമായും മുൻകൂട്ടി പ്ലാൻചെയ്തു തയ്യാറാക്കുക ഇന്നത്തെ നിലയിൽ പ്രയാസമാണ്. സാമ്പത്തികപരിമിതിയും അതിൽനിന്ന് ഉത്ഭവിക്കുന്ന പ്രവർത്തകരുടെ, മുഖ്യമായും എഴുത്തുകാരുടെ വൈരള്യവുമാണ് ഇതിനുള്ള മുഖ്യകാരണം. ആനുകാലികത്തിന്റെ അടുത്ത ഒരു ലക്കത്തിൽ ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തെപ്പറ്റി പ്രശസ്തനായ ഒരു ലേഖകന്റെ സംഭാവന ഉണ്ടാകണമെന്നു മുൻകൂട്ടി തീരുമാനിച്ച്, ലേഖകനു മതിയായ പ്രതിഫലം നൽകി, നിശ്ചിത സമയത്തിനുള്ളിൽ ലേഖകന്റെ കൈയിൽനിന്നു ലേഖനം വാങ്ങി വേണ്ടവിധത്തിൽ എഡിററ്ചെയ്തു പ്രസിദ്ധീകരിക്കുവാൻ വേണ്ട വിഭവശേഷി മലയാളത്തിലെ മിക്ക ആനുകാലികങ്ങൾക്കും ഇന്നില്ല. ശേഷിയുള്ള ചുരുക്കം ചില ആനുകാലികങ്ങളുടെ പ്രവർത്തകർക്കു പത്രപ്രവർത്തനത്തിന്റെ ലക്ഷ്യത്തെപ്പററി ഇത്തരം ഒരു കാഴ്ചപ്പാടും ഇന്നില്ല.

അതിനാൽ ഉള്ളതുകൊണ്ട് ഓണം ആഘോഷിക്കാൻ മലയാളത്തിലെ സാഹിത്യപത്രങ്ങൾ നിർബന്ധിതങ്ങളാകുന്നു. കിട്ടിയവയിൽനിന്നു മെച്ചപ്പെട്ട വിഭവങ്ങൾ അവയുടെ അധിപന്മാർ തിരഞ്ഞെടുക്കുകയും സമയവും സൗകര്യവും അനുവദിക്കുമെങ്കിൽ അതിനെ ഭാഷാപരമായി പരിഷ്കരിക്കുകയും, തലക്കെട്ടുകൾ, ചിത്രങ്ങൾ, ചാർട്ടുകൾ, സൈഡ് ബാറുകൾ മുതലായവ ചേർത്തു മോടിപിടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു പത്രാധിപർ ശ്രദ്ധവെച്ചു പരിഷ്കരിച്ചു തന്റെ ഒരു രചന പ്രസിദ്ധപ്പെടുത്തിക്കാണുന്നതുപോലെ സന്തോഷകരമായ ഒരനുഭവം എഴുത്തുകാരനു വേറെ ഉണ്ടാവാനില്ല. പ്രതിഫലം കുറെ കുറഞ്ഞാലും തന്റെ കൃതി കഴിയുന്നത്ര ഭംഗിയായും തെററുകളില്ലാതെയും പ്രസിദ്ധപ്പെടുത്തിക്കാണാനാണ് ലേഖകന്റെ അഹന്ത ആഗ്രഹിക്കുക. ഇന്നു നടന്നുവരുന്ന രീതിയിലുള്ള സാധാരണ സാഹിത്യ പത്രപ്രവർത്തനം നിർവഹിക്കുന്ന മുഖ്യമായ സാഹിത്യസേവനം പ്രസിദ്ധീകരണത്തിലൂടെ എഴുത്തുകാരനു നൽകുന്ന പ്രോത്സാഹനമാകുന്നു. തുച്ഛമെങ്കിലും നമ്മുടെ പരിസ്ഥിതിയിൽ സ്പൃഹണീയംതന്നെയായ സാമ്പത്തിക പ്രതിഫലം ലേഖകനു നൽകപ്പെടുന്നു എന്നതിനു സാഹിത്യ പ്രോത്സാഹനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഇടയിൽ ഇന്നും രണ്ടാമത്തെ സ്ഥാനമേയുള്ളു.

രാഷ്ട്രീയം മുതലായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരോടും കൊലപാതകങ്ങൾ, തട്ടിപ്പുകൾ മുതലായവയിലൂടെ പെട്ടെന്നു കുപ്രസിദ്ധി

നേടുന്നവരോടുമൊപ്പം എഴുത്തുകാരുടെയും പേരുകൾ പൊതുജനശ്രദ്ധയിൽ തങ്ങിനിൽക്കാൻ സഹായിക്കുന്ന എന്നതും സാഹിത്യപ്രോത്സാഹനത്തിനു സാഹിത്യ പത്രപ്രവർത്തനം നിർവഹിക്കുന്ന സേവനങ്ങളിൽ അപ്രധാനമല്ലാത്ത ഒന്നാണ്. ലേഖകരുടെ കൃതികളും ചിത്രങ്ങളും അവരെപ്പററിയുള്ള തൂലികാചിത്രങ്ങളും അവരുടെ കൃതികളുടെ വിമർശനങ്ങളും പ്രസിദ്ധീകരിച്ചാണ് ഹ്രസ്വതയുടെ കേൾവിപ്പെട്ട പൊതുജനങ്ങളുടെ ഓർമയിൽ സാഹിത്യകാരന്മാരുടെ പേരുകൾ മായാതെ ആലേഖനം ചെയ്യാൻ സാഹിത്യപത്രങ്ങൾ ശ്രമിക്കുന്നത്. ഇങ്ങനെ എഴുത്തുകാരുടെ പേരുകൾ വായനക്കാരുടെ ഓർമയിൽ ഉറപ്പിക്കുന്നതാകട്ടെ, എഴുത്തുകാരന്റെ പുസ്തകങ്ങൾക്കും ലേഖനങ്ങൾക്കും മാർക്കററ് ഉണ്ടാകുവാൻ അനുപേക്ഷണീയമാണുതാനും.

ഈ സന്ദർഭത്തിൽ വിമർശനത്തിനു പ്രത്യേകം പ്രാധാന്യമുണ്ട്. എഴുതപ്പെടുന്ന സാഹിത്യത്തിന്റെ നിലവാരവും വായിക്കുന്നവരുടെ രുചിയും ഉയർത്തുകയെന്ന കൃത്യം നിർവഹിക്കുന്നതിനുള്ള ഏററവും സമർത്ഥമായ ഉപകരണം വിമർശനമാകുന്നു. വിമർശനം സിദ്ധാന്താധിഷ്ഠിതവും അമൂർത്തവുമാവുമ്പോൾ, അതിനു വായനക്കാരുടെ ശ്രദ്ധയാകർഷിക്കാൻ കഴിയാതെപോവുന്നു. പുതിയ പുസ്തകങ്ങൾ വാർത്തകളാകയാൽ, അവയുടെ നിരൂപണത്തിനു വാർത്താപ്രാധാന്യമുണ്ട്. പുസ്തക നിരൂപണത്തോടൊപ്പം, സാഹിത്യ—കലാ—വിമർശനത്തിന്റെ മൗലികസിദ്ധാന്തങ്ങളും ഈ രംഗത്തിൽ പുതുതായി രൂപംകൊണ്ടുവരുന്ന പരിപ്രേക്ഷ്യങ്ങളും, ഉപദർശനങ്ങളും, ഇഴചേർത്തു രചിക്കപ്പെടുന്ന, സൈദ്ധാന്തികതയിലും പ്രായോഗികതയിലും ഒരുപോലെ ശ്രദ്ധ ചെലുത്തുന്ന, നിരൂപണങ്ങളെപ്പോലെ സാഹിത്യപുരോഗതിയെ ത്വരിപ്പിക്കാനുള്ള കഴിവു മറെറാന്നിനുമില്ല.

സാഹിത്യപത്രങ്ങളിലെ പുസ്തകനിരൂപണം നിർവഹിക്കുന്ന മറെറാരു സേവനം പുസ്തകങ്ങളുടെ വില്പനയെ അതു സഹായിക്കുന്നു എന്നതാണ്. പുസ്തകങ്ങളുടെ കൂട്ടത്തിൽ നിത്യോപയോഗവസ്തുക്കളായി ഇന്ത്യാക്കാർ ഇന്നു കണക്കാക്കുന്നതു് പാഠപുസ്തകങ്ങളെ മാത്രമാകുന്നു. മററു പുസ്തകങ്ങളെല്ലാം നമുക്ക്, ഒഴിച്ചുവിട്ടാലും കഴപ്പമില്ലാത്ത സുഖഭോഗവസ്തുക്കളാകുന്നു. ഇക്കാരണത്താൽ നമ്മുടെ നാട്ടിൽ പുസ്തകങ്ങൾക്കു വില്പന കുറവാണ്; വളരെയൊന്നും ലാഭകരമല്ലാത്ത ഒന്നാണ് പുസ്തകവ്യാപാരം. പുസ്തകങ്ങളുടെ എണ്ണം കുറയാനും, ഉള്ള പുസ്തകങ്ങളുടെ ഗുണനിലവാരം ഉയരാതിരിക്കാനും, അവയുടെ കെട്ടും മട്ടും തികച്ചും അനാകർഷങ്ങളാവാനും, വില്പനയ്ക്കു സമർപ്പിക്കപ്പെടുന്ന പുസ്തകങ്ങൾതന്നെ വേണ്ടവർക്കു വേണ്ട സമയത്തും സ്ഥലത്തും സുലഭങ്ങളല്ലാതിരിക്കാനും, എല്ലാം കാരണം പുസ്തകവ്യാപാരത്തിലെ ഈ നിത്യമാന്ദ്യമാകുന്നു. അതിനാൽ, പുസ്തകവില്പന വർദ്ധിപ്പിക്കാനുള്ള ഏതു ശ്രമവും അഭിനന്ദനീയമാണ്; പരമാവധി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. സാഹിത്യപത്രങ്ങളിലെ പുസ്തകവിമർശനത്തിന്റെ ഈ പ്രാധാന്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

## ആസൂത്രണം ആവശ്യം

സാഹിത്യ പത്രപ്രവർത്തനം യഥാർത്ഥത്തിൽ സാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കണമെങ്കിൽ, വിപുലവും ദീർഘകാലവ്യാപിയും ആസൂത്രണവും ആവശ്യമാകുന്നു. ഭാഷയിൽ ഇന്നു ലഭ്യങ്ങളായ പുസ്തകങ്ങളെയും അവയുടെ ഉള്ളടക്കത്തെപ്പററിയും സാമാന്യമായ ധാരണയെങ്കിലും സാഹിത്യപത്രത്തിന്റെ അധിപർ നേടിയിരിക്കണം. ഇനി മലയാള

ത്തിൽ ഉണ്ടാകേണ്ട പുസ്തകങ്ങളെപ്പററിയും അയാൾക്ക് ഏറെക്കുറെ ഗ്രഹിതം ഉണ്ടാവണം. വൈജ്ഞാനികവിഷയങ്ങളുടെ കാര്യത്തിലാണ് ആസൂത്രണം കൂടുതൽ പ്രസക്തമാവുക എന്നു പ്രത്യേകം പറയേണ്ടതില്ല. കഥ, കവിത മുതലായ സർഗാത്മക സാഹിത്യരൂപങ്ങളുടെ കാര്യത്തിൽ ആസൂത്രണത്തിന് താരതമ്യേന കുറഞ്ഞ പ്രാധാന്യമേയുള്ളു. മററു ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന കഴിയുന്നത്ര കൂടുതൽ ആനുകാലികങ്ങളും പുസ്തകങ്ങളുമായി ഉപരിതലബന്ധമെങ്കിലും പുലർത്തുന്ന ഒരാൾക്ക് ഇന്ത്യയിലെയും, മററു നാടുകളിലെയും സാഹിത്യത്തിന്റെ ഗതി ഏതു ദിശയിലേക്കാണെന്ന് മനസ്സിലാക്കുക ദുഷ്കരമായിരിക്കയില്ല.

പുരോഗതിയുടെ ദിശയിലേക്ക് നമ്മുടെ ഭാഷാസാഹിത്യത്തിന്റെ ഗതി തിരിച്ചുവിടുന്നതിനും ത്വരിപ്പിക്കുന്നതിനും അനുഷ്ഠിക്കാവുന്ന ഒരു കൃത്യം, പല വിഷയങ്ങളിലുമുള്ള മികച്ച പുസ്തകങ്ങളും ലേഖനങ്ങളും തിരഞ്ഞെടുത്ത്, അവ ഭംഗിയായി വിവർത്തനംചെയ്യിച്ചോ, അവയുടെ അടിസ്ഥാനത്തിൽ സ്വതന്ത്രകൃതികൾ എഴുതിച്ചോ പ്രസിദ്ധീകരിക്കുക എന്നതാണ്. ഇതിനായി എഴുത്തുകാരും പത്രാധിപരും തമ്മിൽ സൗഹാർദത്തിന്റെ ഒരു അവ്യവച്ഛിന്നബന്ധം നിലനിർത്തിപ്പോരണം. ദിവസംതോറും തനിക്കു കിട്ടുന്ന തപാലിലെ ഉരുപ്പടികൾ ഏതു തരത്തിലുള്ളവയാണെന്നു തീരുമാനിക്കുന്നതിനുള്ള ചുമതല ഭാഗ്യത്തിനു തികച്ചും വിട്ടുകൊടുക്കാതെ, അന്യരെ പ്രേരിപ്പിച്ച് തനിക്കാവശ്യമുള്ളവ നേടിയെടുക്കുന്നതിനുള്ള പത്രാധിപരുടെ കഴിവും സാമർത്ഥ്യവും സന്നദ്ധതയുമാണ് സാഹിത്യ പത്രപ്രവർത്തനത്തെ പലപ്പോഴും ഫലഭൂയിഷ്ഠമാക്കുന്നതു്.

## എഡിററിങ്

ഒരു പത്രമാഫീസിൽ എന്നും തപാലിൽ വന്നു കുമിയുന്ന ഉരുപ്പടികളിൽ വളരെ വലിയ ഒരു ശതമാനം തീരെ നിഷ്പ്രയോജനമായിരിക്കും. ഇക്കൂട്ടത്തിൽ വളരെ മികച്ച ഒന്നോ, രണ്ടോ രചനകൾ ഭാഗ്യശാലിയായ പത്രാധിപരുടെ കൈയിൽ വല്ലപ്പോഴും തടഞ്ഞെന്നുവരാം. ഇപ്പറഞ്ഞ രണ്ടു തരം രചനകളുടെ—തീരെ നിരുപയോഗങ്ങളായവയുടെയും ഏററവും മികച്ചവയുടെയും കാര്യത്തിൽ പത്രാധിപർ വളരെയൊന്നും ചെയ്യേണ്ടതായിട്ടില്ല. താൻ ഉപയോഗിക്കാത്ത എല്ലാ രചനകളും അച്ചടിച്ച ഒരു സ്ലിപ്പെങ്കിലും വെച്ച് തിരിച്ചയയ്ക്കാൻ പത്രാധിപർക്കു കഴിയുന്നുവെങ്കിൽ, അതു് ഏററവും നല്ല ഒരു കാര്യമാണെന്ന വിശ്വാസമാണ് എനിക്കുള്ളതു്. കൂടെക്കൂടെ കിട്ടുന്ന 'തള്ളിക്കളയൽക്കുറിപ്പുകൾ' ചില ലേഖകരെ ക്ഷുബ്ധരാക്കാറുണ്ട്, പലരേയും നിരാശാഭരിതരാക്കാറുണ്ട്. എങ്കിലും പത്രത്തിനും തദ്വാരാ പൊതുജനങ്ങൾക്കും സേവനം അനുഷ്ഠിക്കാൻ മുന്നോട്ടുവന്ന ലേഖകരോട് ഒരു പത്രാധിപർക്കു ചെയ്യാവുന്ന ഏററവും ചുരുങ്ങിയ മര്യാദ, പ്രസിദ്ധീകരിക്കാത്ത കൃതികൾ ആദരപൂർവം മടക്കി അയയ്ക്കുക എന്നതാണ്.

തീരെ മോശമായ ഒരു കൃതി എഡിററ്ചെയ്തു പ്രസിദ്ധീകരണയോഗ്യമാക്കാൻ ആർക്കും കഴിയുകയില്ല. എന്നാൽ, പത്രമാഫീസിൽ കിട്ടുന്ന ഏതു മെച്ചപ്പെട്ട കൃതിയും വിദഗ്ദ്ധമായ എഡിററിങ്ങിലൂടെ കൂടുതൽ മികച്ചതാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ലിപിവിന്യാസത്തിലുള്ള നോട്ടപ്പിശകുകൾ, ഭാഷാപരമായ വൈകല്യങ്ങൾ, ആശയസംവിധാനത്തിൽ വന്നുചേർന്നിട്ടുള്ള അനവധാനതകൾ—അങ്ങനെ പലതും ഏററവും വലിയ എഴുത്തുകാരുടെ കൃതികളിലും തിരുത്താൻ കണ്ടേക്കും. ചിലപ്പോൾ പ്രസക്തങ്ങളല്ലാത്ത പലതും വിട്ടുകളഞ്ഞ്

ലേഖനത്തെ രൂപഭദ്രമാക്കാൻ സാധിച്ചേക്കാം. ലേഖകൻ എഴുതിയതു മുഴുവൻ അപ്പാടെ പത്രാധിപർ പ്രസിദ്ധീകരിച്ചുകൊള്ളണമെന്നില്ല. ലേഖകൻ എഴുതാത്തതു് ഒന്നും ലേഖകന്റെ പേരിൽ പത്രാധിപർ പ്രസിദ്ധീകരിക്കരുതു് എന്ന കാര്യത്തിൽ മാത്രമേ നിർബന്ധം വേണ്ടതുള്ളു. രചനയുടെ ഉള്ളടക്കത്തിലെന്നപോലെ, ചിത്രങ്ങളും മററും ചേർത്തു് അതിന്റെ അച്ചടി ആകർഷകമാക്കുന്നതിലും പത്രാധിപർക്കു ഗണ്യമായ സേവനം നിർവഹിക്കാനുണ്ടു്. ചുരുക്കത്തിൽ, സാഹിത്യപത്രപ്രവർത്തനത്തിൽ ഗൗരവമുള്ള എഡിററിങ്ങിനു് ഗണ്യമായ ഒരു സ്ഥാനമുണ്ടു് എന്നു ഞാൻ വിശ്വസിക്കുന്നു. എഴുത്തുകാരോടും വായനക്കാരോടുമുള്ള ബാദ്ധ്യത പത്രാധിപർ നിറവേററുന്നതു മിക്കപ്പോഴും ശ്രദ്ധാപൂർവമായ എഡിററിങ്ങിലൂടെയാണു്. തങ്ങളുടെ കൃതികളിൽ പത്രാധിപർ നടത്തുന്ന എഡിററിങ്ങ് പല എഴുത്തുകാരെയും പ്രകുപിതരാക്കാറുണ്ടു്. ആത്മവിശ്വാസമില്ലാത്തവരും അല്പവിഭവരുമാണു തങ്ങളെന്ന വസ്തുതയാണു് കോപപ്രകടനത്തിലൂടെ ഇവർ പ്രഖ്യാപിക്കുന്നതു്. അതേസമയം, പരിണതപ്രജ്ഞരായ വലിയ എഴുത്തുകാർ വിദഗ്ദ്ധമായ എഡിററിങ്ങിനെ കൃതജ്ഞതാപൂർവം അംഗീകരിക്കുന്നവരാണു്.

തനിക്കു മനസ്സിലാകാത്തതൊന്നും വായനക്കാരനും മനസ്സിലാവുകയില്ല എന്ന ധാരണ പത്രാധിപർ വെച്ചുപുലർത്താമോ? എന്റെ ദീർഘമായ പത്രപ്രവർത്തനജീവിതത്തിൽ എല്ലാക്കാലത്തും ഈ ധാരണ ഞാൻ വെച്ചുപുലർത്തിയിരുന്നു എന്നു തുറന്നു പറയാൻ ഞാൻ മടിക്കുന്നില്ല. അതിനാൽ ഒരു രചനയുടെ കൈയെഴുത്തുപ്രതിയിൽ എനിക്കു മനസ്സിലാകാത്ത എന്തെങ്കിലും കാണപ്പെടുകയും, അതു മനസ്സിലാക്കാനുള്ള എന്റെ ശ്രമം പരാജയപ്പെടുകയുമാണെങ്കിൽ, രചയിതാവിനോടു് അതിനെപ്പററി എഴുത്തിലൂടെ അന്വേഷിക്കുകയോ, അതിനു പ്രയാസമുണ്ടെങ്കിൽ ആ ഭാഗം വിട്ടുകളഞ്ഞുമാത്രം രചന പ്രസിദ്ധീകരിക്കുകയോ ആണു് ഞാൻ ചെയ്തുവന്നിട്ടുള്ളതു്. പത്രാധിപർ സർവജ്ഞനല്ല; സർവജ്ഞനാണെന്ന അഹന്ത അയാൾക്കുണ്ടാവുകയുമരുതു്. എത്ര എളിയ ലേഖകരിൽനിന്നും പഠിക്കാൻ അയാൾ എന്നും സന്നദ്ധനായിരിക്കണം. അതേസമയം, താൻ വായനക്കാരുടെ പ്രതിനിധിയാണെന്നും, വായനക്കാരുടെ രുചിയും, അറിവിന്റെ നിലവാരവും നിർണയിക്കാനുള്ള ബാദ്ധ്യത തനിക്കാണെന്നും പത്രാധിപർ മറന്നുകൂടാ.

അറിയാത്തതുപോലെതന്നെ, തനിക്കു സംശയമുള്ളതും പത്രാധിപർ പ്രസിദ്ധീകരിച്ചുകൂടാ. രചനകളിലെ വസ്തുതകൾ—കണക്കുകൾ, തീയതികൾ, ഉദ്ധരണികൾ, അവയുടെ കർത്തൃത്വം അങ്ങനെ ഒട്ടനവധി കാര്യങ്ങൾ—ശരിയാണെന്നു പത്രാധിപർ ഉറപ്പുവരുത്തണം; പ്രത്യേകിച്ചും എഴുത്തുകാരന്റെ വിശ്വാസ്യത സ്വയംസിദ്ധമല്ലാതിരിക്കുമ്പോൾ.

## പുതുമ

പുതിയ അറിവുകൾ, പുതിയ സങ്കല്പനങ്ങൾ, പുതിയ ചിന്താധാരകൾ, പുതിയ ആവിഷ്കരണരീതികൾ, ഭാഷയിൽ പുതിയ പ്രയോഗങ്ങൾ, പുതിയ ശൈലികൾ— പുതുമ സാഹിത്യപത്രപ്രവർത്തനത്തിന്റെ ജീവധാരയാണെന്നു് പത്രാധിപർ ഓർക്കണം. പുതുമ പലപ്പോഴും, ഇടക്കാലത്തു് പ്രസിദ്ധി നഷ്ടപ്പെട്ടുപോയ പഴമയുടെ പുനർജീവനമാകാറുണ്ടു് എന്നതും അയാൾ മറന്നുകൂടാ. വായനക്കാരുടെ രുചിനവീകരണവും ബോധനവീകരണവും സാധിക്കുന്നതിനു് നിത്യജാഗ്രതയോടെ പ്രവർത്തിക്കുന്നവനു മാത്രമേ സാഹിത്യപത്രപ്രവർത്തനത്തിലൂടെ എന്തെങ്കിലും സേവനമനുഷ്ഠിക്കാൻ കഴിയൂ.

ഗതാനുഗതികത ലോകധർമ്മമാണ്. പുതുമ ബഹുജനപ്രീതികരം ആയിക്കൊള്ളണമെന്നില്ല. പത്രത്തിൻെറ പ്രചാരവും, അതിലൂടെ മാത്രം കൈവരുന്ന സാമ്പത്തികവിജയവും ബഹുജനപ്രീതിയെ ആശ്രയിച്ചിരിക്കുകയുംചെയ്യുന്നു. നിലവാരം വളരെ താഴ്ന്ന, തികച്ചും ഗതാനുഗതിക സ്വഭാവമുള്ള, കൃതികൾ തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന സാഹിത്യവാരികകളുടെയും മററും പ്രവർത്തകർ, തങ്ങളുടെ പ്രവർത്തനശൈലി സാധൂകരിക്കുന്നതു്, അങ്ങനെ മാത്രമേ തങ്ങൾക്കു മാർക്കററിൽ പിടിച്ചുനിൽക്കാൻ കഴിയൂ എന്നു പറഞ്ഞാണു്. നിലനിൽപ്പിനുള്ള സമരത്തിൽ, സാഹിത്യമൂല്യങ്ങൾ തങ്ങൾക്കു ബലികഴിക്കേണ്ടിവരുന്നു എന്നു് അവർ ഖേദത്തോടെ സമ്മതിക്കുന്നു. ഇതു് ഒരുപക്ഷേ, ശരിയാവാം. 'കേസരി' പോലെയുള്ള ഒരു സാഹിത്യവാരിക ഇന്നത്തെ കേരളത്തിൽ ഒരു സാമ്പത്തികവിജയമായിരിക്കുമെന്നു് എനിക്കു വിശ്വാസമില്ല. പ്രചാരത്തിനു വേണ്ടി നിലവാരം അറിഞ്ഞോ അറിയാതെയോ താഴ്ത്താൻ നിർബന്ധിതങ്ങളാവാത്ത ആനുകാലികങ്ങൾ ഇന്നു് നമ്മുടെ നാട്ടിലുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

അതേസമയം, ദശലക്ഷക്കണക്കിനു വിററഴിക്കപ്പെടാതെതന്നെ ആനുകാലികങ്ങൾക്കു സാമ്പത്തികനഷ്ടം ഒഴിവാക്കി മുന്നോട്ടു പോകാൻ കഴിയുമെന്ന വസ്തുതയും നാം മറക്കരുതു്. അതായതു്, വളരെ വലിയ ഒരളവോളം നിലവാരം പുലർത്തിക്കൊണ്ടുതന്നെ, ഒരു സാഹിത്യപത്രത്തിനു്, കേരളത്തിൽ സാമ്പത്തികവിജയത്തിനു് അനുപേക്ഷണീയമായ പ്രചാരം കൈവരിക്കാൻ ഇന്നു സാധിക്കും; സാധിക്കുന്നുണ്ടു്.

## നിലവാരം

ഇവിടെ ഒരു ചോദ്യം ഉദ്ഭവിക്കുന്നു: 'നിലവാരം' എന്നാൽ എന്താണു്? വായനക്കാരെക്കൂടി കണക്കിലെടുക്കാതെ 'നിലവാര'ത്തെ നിർവചിച്ചിട്ടു കാര്യമില്ല. ഇംഗ്ലണ്ടിൽ നിലവാരം എന്നു കരുതപ്പെടുന്നതു് ഇന്ത്യയിൽ നിലവാരമായിക്കൊള്ളണമെന്നില്ല. ഇന്ത്യയിൽത്തന്നെ തമിഴ്നാട്ടിലും കേരളത്തിലും നിലവാരത്തെപ്പററി വ്യത്യസ്ത ധാരണകളുണ്ടാവാം. വ്യത്യസ്തങ്ങളായ ആനുകാലികങ്ങൾ നിലവാരത്തെപ്പററി വ്യത്യസ്തധാരണകളുണ്ടാവാമെന്നതു് അനുഭവസിദ്ധമാണല്ലോ. ഭാഷയുടെ വ്യാകരണപരവും ശൈലീപരവുമായ വിശുദ്ധി തീർച്ചയായും 'നിലവാര'ത്തിൻെറ ഒരു ഘടകമാണു്. 'ശൈലീപരമായ വിശുദ്ധി' എന്നതുകൊണ്ടു് ഉദ്ദേശിക്കുന്നതു പദപ്രയോഗത്തിൻെറ സാരള്യവും പര്യാപ്തിയും മിതത്വവുമാകുന്നു. ആകാവുന്നത്രസംക്ഷേപം, അനുപേക്ഷണീയമായ വിസ്താരം—ഇതാണു് പര്യാപ്തി. ഭാഷയിൽനിന്നു വിഷയത്തിലേക്കു കടക്കുമ്പോൾ, നിലവിലുള്ള തെററായ ധാരണകൾ തിരുത്തുവാനും, നിലവിലില്ലാത്ത ശരിയായ ധാരണകൾ പുലർത്തുവാനും എത്രമാത്രം ഉപകരിക്കുന്നുവോ അത്രത്തോളം ഒരു രചന ഉയർന്ന നിലവാരത്തിലേക്കു് എത്തുന്നു എന്നു കണക്കാക്കാം. ഇതും കഴിഞ്ഞു്, സൗന്ദര്യാവബോധപരവും ധാർമികവുമായ ചില മാനങ്ങളും 'നിലവാര'ത്തിൽ അന്തർഭവിക്കുന്നുണ്ടു്. ഇവ പക്ഷേ, നിർവചനക്ഷമങ്ങളല്ല; സ്വാനുഭവൈക മാനങ്ങളാണു്.

ബഹുജനപ്രീതിക്കും തൽഫലമായി കൈവരുന്ന പ്രചാരത്തിനും വേണ്ടി നിലവാരം കുറയ്ക്കുന്ന പത്രാധിപർ സാഹിത്യസേവനത്തേക്കാളേറെ വ്യവസായത്തിലാണു് കണ്ണുവെക്കുന്നതു്. വ്യവസായികൾ എന്ന നിലയിൽ വിജയിക്കുമ്പോഴും പത്രപ്രവർത്തകരെന്നനിലയിൽ അവർ പരാജയപ്പെടുന്നു എന്നു പറയാതെ തരമില്ല.

അദ്ധ്യാപനംപോലെ ഗൗരവമുള്ള, ഗൗരവബോധത്തോടെ നിർവ ഹിക്കേണ്ട, അർപ്പണം ആവശ്യപ്പെടുന്ന, ഒരു സേവനമാണ് സാഹിത്യ പത്രപ്രവർത്തനം. സേവനം എന്ന വാക്ക് ഊന്നിപ്പറയാൻഞാനാഗ്ര ഹിക്കുന്നു. ഒരു 'പ്രൊഫെഷൻ' എന്നതിലേറെ ഒരു മിഷൻ ആണ്, ആയിരിക്കണം സാഹിത്യപത്രപ്രവർത്തനം.

(എറണാകുളം ഭാരതീയ വിദ്യാഭവനിൽചെയ്ത കെ. എ. ദാമോദര മേനോൻ അനുസ്മരണപ്രസംഗം.)

## 52. സംബന്ധങ്ങൾ

മദ്രാസ്സിലെ അടയാർ ലൈബ്രറിയുടെയും ഗവേഷണകേന്ദ്രത്തിൻെറയും ശതാബ്ദ്യാഘോഷത്തിൻെറ ഭാഗമായി 1987 ജൂൺ 10 മുതൽ 13 വരെ നടന്ന ഒരു പണ്ഡിതസംവാദത്തിൽ (കൊളോക്കിയം) പങ്കെടുക്കുന്നതി ന് എനിക്ക് അവസരം ലഭിച്ചു. 'സംബന്ധങ്ങളെ'സ്സംബന്ധിച്ച ദാർശ നിക സങ്കല്പനങ്ങളായിരുന്നു ഈ സംവാദത്തിൻെറ വിഷയം. ഭാരതീയ ദർശനങ്ങളിലും പാശ്ചാത്യ തത്ത്വചിന്താപദ്ധതികളിലും അവഗാഹം നേടിയ ഇരുപതോളം പണ്ഡിതന്മാർ ഈ സംവാദത്തിൽ ആദ്യന്തം വലിയ താല്പര്യത്തോടെ സന്നിഹിതരായിരുന്നു.

എന്താണ് 'സംബന്ധം' എന്നാൽ? പ്രപഞ്ചത്തെപ്പററിയുള്ള നമ്മുടെ അവബോധം, എല്ലായ്പ്പോഴും ഒന്നിലധികം വസ്തുക്കളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ്. ഇതെഴുതുമ്പോൾ ഞാൻ എൻെറ മുമ്പി ലുള്ള കടലാസ് മാത്രമല്ല, അതിൻെറ വെണ്മ എന്ന നിറവും കാണുന്നു ണ്ട്. ഈ കടലാസ്സിനു മീതെ എൻെറ പേന ചലിക്കുന്നു. കടലാസ്സിൽ നിന്നു വേറിട്ട് അതിൻെറ നിറത്തെയോ, നിറത്തിൽനിന്നു വേറിട്ട കേവലമായ കടലാസ്സിനെയോ ഞാൻ ഒരിക്കലും കാണുന്നില്ല. ഇതുപോ ലെ പേനയും ചലനവും പരസ്പരാശ്രിതങ്ങളാണ്. അന്യോന്യം ബന്ധ പ്പെട്ട വസ്തുക്കളെയാണു പ്രപഞ്ചത്തിൽ നാം സാക്ഷാല്ക്കരിക്കുന്നത്.

കടലാസ് ഒരു ദ്രവ്യവും വെണ്മ അതിൻെറ ഗുണവും ആകുന്നു. വെണ്മ എന്ന ഗുണം കടലാസ് എന്ന ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഗുണം ദ്രവ്യത്തെ ആശ്രയിക്കുന്നത് അല്ലെങ്കിൽ ദ്രവ്യത്തിൽ വർത്തിക്കുന്നത് അവയു തമ്മിൽ സംബന്ധമുള്ളതിനാലാണ്. നിറമുള്ള വസ്തുക്കൾക്കും നിറത്തിനും തമ്മിലുള്ള സംബന്ധം നിത്യമാകുന്നു. നിറവും വസ്തുവും ഉള്ള കാലത്തോളം അവ തമ്മിലുള്ള സംബന്ധം നിലനിൽക്കുന്നു എന്നു പറയേണ്ടതില്ല. എന്നാൽ, നിറവും വസ്തുവും ഇല്ലാതായാലും സംബന്ധം എവിടെ പോവാനാണ്? അതു് അപ്പോഴും നിലനിൽക്കുന്നു. നിത്യ മായ ഈ സംബന്ധത്തെ ഭാരതീയ ദാർശനികർ 'സമവായം' എന്നു വി ളിക്കുന്നു. ഗുണവും ദ്രവ്യവും തമ്മിലും, ക്രിയയും (ചലനവും) ദ്രവ്യവും തമ്മിലുമുള്ള സംബന്ധം സമവായമാകുന്നു.

ഒരു മനുഷ്യൻ മററൊരു മനുഷ്യനെപ്പോലെയല്ല; ഒരു കുടം മററൊരു കുടത്തെപ്പോലെയുമല്ല. വ്യക്തികൾക്കു തമ്മിൽത്തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ടായാലും എല്ലാ മനുഷ്യരേയും 'മനുഷ്യർ' എന്നു നാം വ്യവഹരിക്കുന്നു. ചുവന്ന കുടത്തെയും കറുത്ത കുടത്തെയും 'കുടം' ആയി നാം കാണുന്നു. മനുഷ്യവ്യക്തികളെ മുഴുവൻ മനുഷ്യരായി കാണുന്നതിനും വ്യവഹരിക്കുന്നതിനും കാരണം, എല്ലാ മനുഷ്യവ്യക്തികളിലും 'മനുഷ്യ ത്വം' എന്ന ജാതി (സാമാന്യം) അടങ്ങിയിരിക്കുന്നതാണ്. ഇതുപോ